(സി) നിയമിച്ചിട്ടില്ലാത്ത സ്കൂളുകളെത്ര ;

(ഡി) നിയമിക്കാതിരിക്കാൻ കാരണമെന്ത് ;

(ഇ) കല്പാർപട്ടം കാളനിയിലെ ഹൈസ്കൂളിൽ നാളിതുവരെ ഒരു അറബിക്ക് പണ്ഡിതനെ നിയമിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 118.

(ബി) എല്ലാ സ്കൂളുകളിലും നിയമിച്ചിട്ടില്ല.

(സി) 18.

(ഡി) ഈ നൂറു മുസ്ലീം വിദ്യാർത്ഥികളുള്ള എല്ലാ വിദ്യാലയത്തളിലും അറബി അദ്ധ്യാപകന്മാരെ നിയമിക്കണമെന്നില്ല. കല്പാർ പട്ടം കാളനിയിലെ ഹൈസ്കൂളിൽ 37 മുസ്ലീം വിദ്യാർത്ഥികൾ മാത്രമാണുള്ളത്.

ശ്രീ. കെ. ഹസ്സൻഗനി: അവർ തന്ന ഒരു നിവേദനത്തിൽ 200 മുസ്ലീം കുട്ടികൾ അവിടെ പഠിക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ച് ഒന്നുകൂടി ആ കാര്യം പരിശോധിച്ചു വേണ്ട നടപടി എടുക്കുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കുമോ?

ശ്രീ. ആർ. ശങ്കർ : പരിശോധിച്ചു വേണ്ട നടപടി എടുത്തപ്പോഴാണ് ആകെ അവിടെ 87 കുട്ടികൾ മാത്രമേ ഉള്ളു എന്നു കണ്ടത്.

ശ്രീ. സി. എം. കുട്ടി : അറബി അദ്ധ്യാപകന്മാരെ ഹൈസ്കൂളുകളിൽ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്?

ശ്രീ. ആർ. ശങ്കർ: ഹൈസ്കൂളുകളിൽ പ്രൈമറി സെക്ഷനുണ്ടെങ്കിൽ അവിടെ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടായിരിക്കണം എന്നുള്ളതാണ്.

പ്രൈവറ്റ് സ്കൂളുകളിൽ നടന്ന പുതിയ നിയമങ്ങൾ

* 380. [11] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963–64 വർഷത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും പ്രൈവറ്റ് സ്കൂളുകളിൽ നടന്ന പുതിയ നിയമനങ്ങൾ എത്ര;

(ബി) ഇതിൽ ഓരോ ജില്ലയിലും 1963 നവംബർ അവസാനംവരെ എത്ര നിയമനങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ട് ;

(സി) നിയമനങ്ങൾ അപ്രൂവ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) ഈ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റു എടുത്തുവരുന്നുണ്ട്.

ശ്രീമതി കുസുമം : ഇവിടെ തന്നിരിക്കുന്ന സ്റ്റേറ്റുമെന്റനുസരിച്ചു നൂറുകണക്കിനുള്ള അപ്പായിന്റുമെന്റ്സ് അനുവദിച്ചിട്ടില്ലാത്തതായി കാണു

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. എന്നാൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരുന്നു എന്നും പറയുന്നുണ്ട്. ഈ സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : എത്രയും വേഗത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനും നിയമനങ്ങൾ ശരിയായിട്ടുള്ളവ അപ്രൂവ് ചെയ്യുന്നതിനും എല്ലാ അധികാരമുള്ള ഉദ്യോഗസ്ഥനേയും അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : നിയമനങ്ങൾ കഴിഞ്ഞിട്ട് ഇപ്പോൾ 9 മാസമായിട്ടും പുതിയ പോസ്റ്റുകൾ അനുവദിച്ചുകൊടുക്കാതെയും അവരുടെ നിയമനം അപ്രൂവ് ചെയ്യാതെയും ഇരിക്കുന്നതുകൊണ്ടും അങ്ങനെ അനേകം അദ്ധ്യാപകന്മാർ ഇനിയും ഉണ്ട് എന്നുള്ളതുകൊണ്ടും ഇത്രയും കാലമായിട്ടും അതു ഫിക്സ് ചെയ്യ സാംക്ഷൻ കൊടുക്കാതിരിക്കുന്നതിനെ പ്രത്യേകമായി ചിന്തിച്ച് ആവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : എത്ര അദ്ധ്യാപകർ ഉണ്ടെന്നുള്ളതു ഈ ലിസ്റ്റിൽ നിന്നും കാണാൻ കഴിയും. സ്കൂളുകൾ എത്രയുണ്ടെന്നുള്ളതിനെപ്പറ്റി ഇപ്പോൾ അറിയാൻ സാദ്ധ്യമല്ല. ആവശ്യമായ നടപടികൾ എടുത്തുവരുന്നുണ്ടെന്നു ഞാൻ പറഞ്ഞു.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ നിയമനങ്ങൾ അനുവദിക്കുന്നതു് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണു്. എന്നാൽ അപ്രകാരം നിയമനം നടത്തിക്കഴിഞ്ഞാൽ ഇത്രകാലത്തിനകം അതു അപ്രൂവുചെയ്തിരിക്കണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ ; അങ്ങനെ ഏതെങ്കിലും ഒരു വ്യവസ്ഥ ചെയ്യുന്നതിനെപ്പറ്റി ഗവണ്മെന്റു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ: നിയമനങ്ങൾ അപ്രൂവ് ചെയ്യുന്നതിനു ചിലപ്പോൾ പ്രതിബന്ധങ്ങൾ വരാം. അങ്ങനെ വരാറുമുണ്ട്. അതുകൊണ്ടാണു് ഇങ്ങനെ കാലതാമസം വരുന്നതു്. ക്ലാസ്സിലെ സ്ട്രെംഗ്തു് ക്ലാസ്സു് ആരംഭിച്ചു 16-ാമത്തെ വർക്കിംഗ് ഡേയിൽ ഉള്ളതു കണക്കിലെടുത്തുകൊണ്ടു നിയമനം നടത്തുന്നതു അനുവദിക്കണമെന്നുള്ളതാണു്. എന്നാൽ അങ്ങനെ കണ്ടുപിടിച്ചതു ശരിയല്ല, അതിനേക്കാൾ കൂടുതൽ സ്ട്രെംഗ്തു ഉണ്ടു് എന്നു മാനേജരന്മാരും മറ്റും പറയാറുണ്ട്. അങ്ങനെ പറയുന്നതുകൊണ്ടു് ആ ഇൻസ്പെക്ടർ വീണ്ടും അടുത്ത ഒരു തീയതി നിശ്ചയിച്ചു വീണ്ടും അവിടെ പരിശോധനയ്ക്കു പോകാറുണ്ടു്. അതുകൊണ്ടൊക്കെയാണു് ഈ സ്റ്റാഫ് ഫിക്സേഷൻ നീട്ടിവയ്ക്കേണ്ടിവന്നിട്ടുള്ളതു്.

ശ്രീ. പി. രാമണ്ണിക്കുറുപ്പ് : 51-ന മേൽ കുട്ടികൾ ഒരു ക്ലാസ്സിലുണ്ടെങ്കിൽ മാത്രമേ പുതിയ നിയമനം അനുവദിക്കാവൂ എന്നും അതുപോലെ ഡിവിഷൻ സ്ട്രെംഗ്തു് 95 ശതമാനം വേണമെന്നുമാണു്. അങ്ങനെ വരുമ്പോൾ ഏതെങ്കിലും ക്ലാസ്സുകളിൽ 51 കുട്ടികൾക്കുമേൽ വരികയും എന്നാൽ ഡിവിഷൻ സ്ട്രെംഗ്തു് 95 ശതമാനമില്ലാതിരിക്കയും ചെയ്യുന്നതുകൊണ്ടു നിരവധി അദ്ധ്യാപകന്മാരുടെ ഫിക്സേഷൻ അനുവദിക്കാതെ വന്നിട്ടുള്ളതു വസ്തുനിഷ്ഠമായി അന്വേഷണം നടത്തി അവരുടെ നിയമനം ഫിക്സു ചെയ്തതു് അപ്രൂവൽ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയും പരാതികൾ വന്നിട്ടുണ്ടു്. 95 ശതമാനം ഡിവിഷൻ സ്ട്രെംഗ്തുണ്ടാകാൻ പ്രയാസമാണു്. അതുസംബന്ധിച്ചു പല മാനേജരന്മാരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടു്. 95 ശതമാനം വരാത്ത അവസരത്തിൽ അതിനു പ്രത്യേകമായി ചില കാരണങ്ങൾ ഇൻസ്പെക്ഷൻ നടത്തുന്ന സമയത്തു പറയാറുണ്ടു്. അങ്ങനെ വീണ്ടും ഇൻസ്പെക്ഷൻ നടത്തുമ്പോൾ ആ സമയത്തു വെള്ളപ്പൊക്കമുണ്ടായിരുന്നെന്നും സ്കൂളിനടുത്തു ഉത്സവമായിരുന്നു എന്നും മഴയുണ്ടായി എന്നും മറ്റും കാരണങ്ങൾ പറയും.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ഇൻസ്പെക്ഷൻ സൗകര്യമുള്ള ഏറ്റവും അടുത്ത ഒരുദിവസം ഇൻസ്പെക്ഷൻ വയ്ക്കുകയും ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് സ്റ്റാഫ് ഫിക്സേഷൻ നടത്തുകയുമാണ് ഇപ്പോൾ ചെയ്യുവരുന്നത്. ഈ 95 ശതമാനം സ്ട്രെംഗ്തു തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു കാണാൻ പ്രയാസമില്ല. മലബാർ പ്രദേശത്താണ് ഈ പ്രയാസമുള്ളത്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഡിവിഷൻ സ്ട്രെംഗ്തു 95 ശതമാനത്തിൽ കുറവില്ലാതെയും പക്ഷെ കാസ്സുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞും ഇരുന്നാൽ ഇതു അനുവദിക്കുന്നകാര്യം പരിശോധിക്കാമോ ?

ശ്രീ. ആർ. ശങ്കർ : പരിശോധിക്കാം.

ശ്രീ. കെ. ആർ. വിജയൻ : ഈ സ്കൂളുകളിൽ ഒഴിവുവരുന്ന സ്ഥാനങ്ങളിലേയ്ക്ക് യോഗ്യതയുള്ളവരുടെ അപേക്ഷകൾ ക്ഷണിക്കുകയും അതു പരസ്യപ്പെടുത്തിയതിനുശേഷം യഥാകാലം ആളുകൾ വരാതിരിക്കുന്ന അവസരത്തിൽ യോഗ്യത കുറഞ്ഞ ആളുകളെ നിയമിക്കുകയും ചെയ്യുകഴിഞ്ഞതിനുശേഷം ശമ്പളം കിട്ടാതെ കഴിഞ്ഞുകൂടുന്നവരെ നിയമനം അപ്രൂവ് ചെയ്യാത്തതുകൊണ്ടു പിരിച്ചുവിടേണ്ടിവരികയാണെങ്കിൽ അങ്ങനെയുള്ളവരുടെ കാര്യത്തിൽ ഗവണ്മെന്റു എക്സംപ്ഷൻ കൊടുത്തെങ്കിലും അവർക്കു ശമ്പളം കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അതിനു പലപ്പോഴും പല ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇന്നതരത്തിലുള്ള പരസ്യമാണ് ചെയ്യേണ്ടതു് എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരസ്യത്തിൽ ചെയ്തിരിക്കുന്നതു വേറെ പ്രകാരത്തിലാണെന്നുണ്ടെങ്കിൽ അതു അംഗീകരിക്കണമെന്നു് ഡി. ഇ. ഓ. മാരോടു് അപേക്ഷിക്കാറുണ്ട്. അപ്പോൾ അതനുസരിച്ചു പരസ്യം വേണ്ടരീതിയിലല്ലാ എങ്കിൽ നിയമനം അംഗീകരിക്കാതിരിക്കുന്ന കേസ്സുകളും ഒട്ടുവളരെയുണ്ട്. ഒരു അനുഭവമുള്ളതു ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽവയ്ക്കാം. യഥാർത്ഥത്തിൽ ടെയിനിംഗ് പാസ്സായിട്ടുള്ള ആളുകളും ഈ സംസ്ഥാനത്തിൽ ഒട്ടുവളരെ പേരുണ്ട്. പക്ഷെ, മിക്കസ്ഥലത്തും അഡ്വർടൈസ് ചെയ്തുകഴിഞ്ഞതിനുശേഷം ടെയിനിംഗ് ഉള്ള ആളുകാർ ഇല്ലാത്ത ഒരു വിഷമമുള്ള സ്ഥിതിയാണിന്നുള്ളതു്. ഡിപ്പാർട്ടുമെന്റു അതുകൊണ്ടു കർശനമായിട്ടു ടെയിനിംഗ് ഉള്ളവരേ നിയമിക്കാവൂ എന്നു കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെയല്ലാതെ പ്രത്യേകമായി വല്ല ഹാർഡ്ഷിപ്പും ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. എം. ജോർജ് : ഈ ചെറിയ ഡിഫെക്ട് ഒന്നു പരിഹരിച്ചുകിട്ടുന്നതിനു ഇങ്ങനെ താഴോട്ടും മുകളിലോട്ടും കടലാസ്സുകളും അയയ്ക്കുന്നതുകൊണ്ട് അതായതു് ഡി. പി. ഐ.യ്ക്കു പോയ ഒരു കടലാസ് വീണ്ടും ഡി. ഇ. ഓ.യ്ക്കു അയച്ചു കാലതാമസം വരുന്നതു ഒഴിവാക്കുന്നതിനായി വ്യക്തമായി ഇന്നതരത്തിലുള്ള കാര്യങ്ങളിൽ കൺഡോണ ചെയ്തുകൊടുക്കാം എന്നു വല്ല നിർദ്ദേശവും കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെ കൺഡോൺ ചെയ്യാൻ അതു വളരെ കേസുകളും വരുന്നതുകൊണ്ടു ഇന്നമാതിരി അഡ്വർടൈസ് ചെയ്യരുതെന്നു പറഞ്ഞപ്പോൾ ഇപ്പോഴത്തെ ഫാറം കുറച്ചു വലുതായിപ്പോയി എന്നും അതുകൊണ്ടു പത്രങ്ങൾക്കു കൂടുതൽ അഡ്വർടൈസ്മെന്റു ചാർജസ് കൊടുക്കേണ്ടിവരുമെന്നും പറഞ്ഞു. അതു കഴിഞ്ഞതിനുശേഷം അതു നിജപ്പെടുത്തുകയും പ്രത്യേകം നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇപ്പോൾ അഡ്വർടൈസ് ചെയ്യുന്നതു് പത്രങ്ങളിൽ മാത്രമാണ്. അതു എല്ലാ സ്ഥലത്തും എല്ലാവരും കണ്ടു എന്നു വരികയില്ല. അതുകൊണ്ടു അതു ഗവണ്മെന്റു ഗസറ്റിൽകൂടി പരസ്യം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : പത്രങ്ങളിലായാലും ഗസറ്റിലായാലും തരക്കേടില്ല ഈ പരസ്യം കാണാതിരിക്കരുതെന്നേയുള്ള. കാണാത്ത തരത്തിൽ പരസ്യം ചെയ്യുന്ന തെറ്റായ ഒരേർപ്പാടുണ്ട്. പത്രങ്ങളിൽ പരസ്യംചെയ്യുന്നതു കൊണ്ട് ബുദ്ധിമുട്ടൊന്നുമില്ല.

ശ്രീ. കെ. എം. ജോർജ് : ചില അഡ്വർടൈസ്മെൻറിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കാളിഫിക്കേഷനുള്ള ആളുകളെ നിയമിക്കാതെവരുന്നതായി അനേകം കേസ്സുകൾ ഇന്നുണ്ട്. അതിനുള്ള കാരണം, പരസ്യങ്ങൾ കണ്ടുകഴിഞ്ഞാൽ എല്ലാ സ്ത്രീകളിലേയ്ക്കും അപേക്ഷകൾ അയയ്ക്കുകയും നിയമനം നടത്തുമ്പോൾ മറ്റു യോഗ്യതയില്ലാത്തവരിൽനിന്നും പത്തും ഇരുന്നൂറും അഞ്ഞൂറും രൂപ കൈക്കൂലി വാങ്ങിച്ചിട്ടു ജോലിക്കു ഹാജരാകാതിരിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യുന്ന ആളുകളെ പൂണ്ടിക്കാണിച്ചാൽ അവരുടെ പേരിൽ നടപടി എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ചില ആളുകൾ മനഃപൂർവ്വമായിട്ട് എല്ലാ സ്ത്രീകളിലേയ്ക്കും അപേക്ഷ അയയ്ക്കും. എന്നിട്ട് നിയമനം കിട്ടിക്കഴിഞ്ഞാൽ ജോലിക്കു ഹാജരാകാതെ, മറ്റു യോഗ്യത കുറഞ്ഞവരിൽനിന്നും കൈക്കൂലി വാങ്ങിച്ചുകൊണ്ടു വിത്ഡ്രാ ചെയ്യാറുണ്ട്. ഈമാതിരി കുഴപ്പങ്ങളെല്ലാം പരിഹരിക്കാൻ മാനേജരന്മാരും എം. എൽ. എ. മാരും സഹകരിക്കുകയാണെങ്കിൽ അതുസംബന്ധിച്ചു വല്ലതുമൊക്കെ ചെയ്യാൻ കഴിയും.

പുതിയ സ്റ്റേറ്റു ട്രാൻസ്പോർട്ട് ബസ്സു സർവ്വീസുകൾ.

* 381. ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംപദ്ധതിക്കാലത്തിനിടയ്ക്ക് പുതുതായി ഏതെല്ലാം റൂട്ടിൽ സ്റ്റേറ്റു ട്രാൻസ്പോർട്ടുബസ്സുകൾ ഓടിക്കാനുദ്ദേശിക്കുന്നു;

(ബി) വടക്കെമലയനാട്ടിൽ മാനന്തവാടിയിൽനിന്നു ഡിസ്ട്രിക്റ്റു തലസ്ഥാനമായ കണ്ണൂരിലേക്കു സ്റ്റേറ്റു ട്രാൻസ്പോർട്ടുബസ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ;

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. ഹമീദ് ആലി ഷംനാട്. തിരുവനന്തപുരത്തുനിന്നും കണ്ണൂർവരെ ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്ന ഡീലക്സ് സർവ്വീസ് അതിനു വടക്കോട്ടു വടക്കേ അതിർത്തിവരെ നീട്ടുന്നകാര്യം ആലോചിക്കുമോ?

ശ്രീ. കെ. അച്യുതൻ: ആക്കാര്യത്തെപ്പറ്റി ആദ്യം നോട്ടിഫൈ ചെയ്യുമ്പോൾ ആലോചിച്ചിരുന്നില്ല. എന്നാൽ വീണ്ടും ആലോചിച്ചതിന്റെ ഫലമായി ഇപ്പോൾ കാസർകോഡുവരെ ഈ ഡീലക്സ് സർവ്വീസ് എടുത്തിട്ടുണ്ട്?

ശ്രീമതി കുസുമം: തിരുവനന്തപുരത്തുനിന്നും ഓടുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസ് തൊടുപുഴ, മൂവാറ്റുപുഴ വഴിപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 380(11)]

Name o District.	*No. of appointments in* 1963-64.	*No. of appointment approved till the end of Nov.* 1963
	(A)	(B)
Trivandrum	1216	750
Attingal	937	758
Quilon	922	771
Mavelikkara	1221	1056
Thiruvella	265	206
Alleppey	511	385
Kottayam	890	696
Palai	368	142
Muvattupuzha	981	655
Irinjalakuda	847	538
Trichur	527	350
Ottappalam	231	198
Palghat	578	492
Malappuram	621	435
Kozhikode	507	338
Badagara	205	126
Tellicherry	716	530
Kasargode	174	166
Pathanamthitta	357	203
Ernakulam	1094	816

LIBRARY ARCHIVES Kerala Legislative Assembly